**മഹാത്മാഗാന്ധി സർവ്വകലാശാല**

**(സംഗ്രഹം)**

ബി.ടെക് കോഴ്സ്-2010 സ്കീം ഒന്നാം വർഷ വർക്ഷോപ്പ് ആവർത്തിക്കൽ, 2002 സ്കീം വിദ്യാർത്ഥികളുടെ മാർക്ക് CGPA ആക്കുന്നതിനുള്ള ഫോർമുല, ബി.ടെക് ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിങ്, ബി.ടെക് ഇലക്ട്രോണിക്സ് & ടെലി കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിങ്ങ് എന്നിവയുടെ തുല്യത-അംഗീകരിച്ച് ഉത്തരവാകുന്നു.

====================================================================================

**അക്കാദമിക് വിഭാഗം**

സ.ഉ.നം. 397/എIV/1/2016/അക്കാദമിക്. പി.ഡി. ഹിൽസ്, തീയതി: 21/01/2017

====================================================================================

വായിക്കുക:- 1. ബോർഡ് ഓഫ് സ്റ്റഡീസ് ഇൻ എഞ്ചിനീയറിങ്ങ് (യു.ജി) 8.8.16 നു ചേർന്ന യോഗത്തിന്റെ മിനിറ്റ്സ്.

2. അക്കാഡമിക് കൗൺസിൽ 24.11.16 നു ചേർന്ന യോഗത്തിന്റെ മിനിറ്റ്സ് (ഇനം നം.95/Ac.15/16333)

3. 31/12/2016 നു ചേർന്ന സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ്.

**<u>ഉത്തരവ്</u>**

മേൽ സൂചിപ്പിച്ച ഒന്നാം പേപ്പർ പ്രകാരം 8/8/16 നു ചേർന്ന എഞ്ചിനീയറിങ്ങ് ബോർഡ് ഓഫ് സ്റ്റഡീസ് (യു.ജി) യോഗം, ബി.ടെക് വിദ്യാർത്ഥികളുടെ വിവിധ അപേക്ഷകൾ പരിഗണിച്ച് താഴെ പറയുന്ന ശുപാർശകൾ സമർപ്പിച്ചു.

1. 2010 സ്കീമിൽ പ്രവേശനം ലഭിച്ച് ഒന്നാം വർഷ വർക്ഷോപ്പിന് മിനിമം മാർക്ക് നേടാൻ കഴിയാത്ത ബി.ടെക് വിദ്യാർത്ഥികളുടെ പ്രശ്നം ഒരു പ്രത്യേക കേസായി പരിഗണിച്ച് അവർക്ക് പ്രസ്തുത വർക്ഷോപ്പ് മാത്രം ആവർത്തിക്കുവാൻ അനുമതി നൽകാവുന്നതും, ആയതിന്റെ ഇന്റേണൽ മാർക്ക് സർവ്വകലാശാലക്ക് അയയ്ക്കാവുന്നതുമാണ്. ഒന്നാം വർഷ വർക്ഷോപ്പിനു മാത്രമേ ഇക്കാര്യം ബാധകമാവുകയുള്ളൂ.

2. 2002 സ്കീമിൽ പ്രവേശനം നേടിയ വിദ്യാർത്ഥികൾക്ക് അവരുടെ മാർക്ക് CGPA ആയി പരിവർത്തനം ചെയ്ത് നൽകുന്നതിനായി, താഴെ പറയുന്ന സൂത്രവാക്യം ഉപയോഗിക്കാവുന്നതാണ്.

$$\text{CGPA} = \frac{\text{നേടിയ മാർക്കിന്റെ മൊത്തം ശതമാനം}}{10} + 0.4$$

3. ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിങ്ങിലെ ബി.ടെക് ബിരുദം ഇലക്ട്രോണിക്സ് & ടെലികമ്മ്യൂണിക്കേഷൻ എഞ്ചിനീയറിങ്ങിലെ ബി.ടെക് ബിരുദത്തിന് തുല്യമായി കണക്കാക്കാവുന്നതാണ്. എന്നാൽ ഇലക്ട്രോണിക്സ് & ഇൻസ്ട്രുമെന്റേഷൻ എഞ്ചിനീയറിങ്ങിലെ ബി.ടെക് ബിരുദം ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിങ്ങിലെയോ, ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് എഞ്ചിനീയറിങ്ങിലെയോ ബി.ടെക് ബിരുദങ്ങൾക്കു തുല്യമായി പരിഗണിക്കാൻ സാധിക്കില്ല.

ടി ശുപാർശകൾ മേൽസൂചിപ്പിച്ച രണ്ടാം പേപ്പർ പ്രകാരം 24/11/2016നു ചേർന്ന അക്കാദമിക് കൗൺസിൽ അംഗീകരിച്ചുകൊണ്ട് തീരുമാനമെടുത്തു. പ്രസ്തുത തീരുമാനം മേൽസൂചിപ്പിച്ച മൂന്നാം പേപ്പർ പ്രകാരം 31/12/2016-നു കൂടിയ സിൻഡിക്കേറ്റ് യോഗം അംഗീകരിച്ചു.

അപ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്/-
**ശ്രീരാജ് ആർ.**
**അസിസ്റ്റന്റ് രജിസ്ട്രാർ II (അക്കാദമിക്)**
**രജിസ്ട്രാർക്കുവേണ്ടി**

പകർപ്പ്:

1. വൈസ് ചാൻസിലറുടെ/പ്രോ വൈസ് ചാൻസിലറുടെ പി.എസ്.മാർ
2. രജിസ്ട്രാറുടെ/പരീക്ഷാ കൺട്രോളറുടെ പി.എ.മാർ
3. ജെആർ/ഡിആർ/എആർ (എക്സാം)
4. ജെആർ/ഡിആർ/എആർ (അക്കാഡമിക്)
5. എസി.സി/കൺടെന്റ് മാനേജ്മെന്റ്
6. റെക്കോർഡ് സെക്ഷൻ/ഫയൽ കോപ്പി/സ്റ്റോക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

File No. Ac.AIV/1/3565/15